**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 145** **16-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ലഭിച്ച പുരസ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏതെല്ലാം മേഖലകളിലാണ് മികച്ച നേട്ടങ്ങൾ കൈവരിച്ചതെന്നും ആയതിന് അംഗീകാരമായി കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടയിൽ ഏതൊക്കെ പുരസ്കാരങ്ങൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ? | (എ) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷ്യസുരക്ഷ, ഊർജ്ജം,വനിതാ ശിശുവികസനം, ക്രമസമാധാനം, സാംസ്കാരികം, ടൂറിസം, ആസൂത്രണ സാമ്പത്തികകാര്യം, ശുചിത്വം തുടങ്ങിയ വിവിധ മേഖലകളിൽ കേരളം മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ആയതിന് അംഗീകാരമായി കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടയിൽ സംസ്ഥാനത്തിന് ലഭിച്ച പുരസ്കാരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

1) നീതി ആയോഗിന്റെ സുസ്ഥിര വികസനലക്ഷ്യ സൂചികയിൽ കേരളം ഒന്നാമതാണ് 2023-24 തുടർച്ചയായി നാലാം തവണയാണിത്.

2) ഇന്ത്യാടുഡെ സർവ്വെയിൽ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു

3) ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്ന നടത്തിയ ഇന്ത്യാ കറപ്ഷൻ സർവേയിലും 2019 -ൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

4) പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് 2019-ൽ അർഹയായി.

5) ശിശുമരണ നിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് ഏറ്റവും കുറവും കേരളത്തിലാണ്.

6) ഏറ്റവും മികച്ച പ്രതിരോധകുത്തിവയ്പ്പ് നൽകുന്ന സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചു.

7) നാഷണൽ ഫാമിലി ഹെൽത്ത് സർവെയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു

8) മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് 2019-ൽ ലഭിച്ചു.

9) ദേശീയതലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡിൽ ആദ്യ പന്ത്രണ്ടും കേരളത്തിൽ നിന്നുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളാണ്. സംസ്ഥാനത്തെ 55 കുടുംബാരോഗ്യ കേന്ദ്രങ്ങൾ NQASഅംഗീകാരം നേടി.

10) 2019ൽ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി കയ്യൂർ കുടുംബാരോഗ്യകേന്ദ്രം മാറി.

11) 2019 ലെ ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചു.

12) 'ഭിന്നശേഷിനയം 2016" നടപ്പിലാക്കുന്നതിൽ മികവ് പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ സാമൂഹികനീതി വകുപ്പ് നൽകുന്ന 2018 ലെ ദേശീയ അവാർഡ്.

13)വയോജനസംരക്ഷണത്തിന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ അവാർഡ്.

14) സ്കൂൾ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്ന സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമതെത്തി.

15) 2019 ലെ രാജ്യത്തെ മികച്ച സർക്കാർ വിദ്യാലയങ്ങളുടെ പട്ടികയിൽ കോഴിക്കോട് നടക്കാവ് സ്കൂളിന് രണ്ടാം സ്ഥാനം ലഭിച്ചു.

16) സമഗ്രശിക്ഷാ പ്രവർത്തനങ്ങളുടെ സൂചികയിൽ കേരളം 2018-19, 2019-20 വർഷങ്ങളിൽ ഒന്നാം ഗ്രേഡിൽ എത്തി.

17) പ്രധാനമന്ത്രി സ്വച്ഛ്ഭാരത് പദ്ധതിയിൽ കേരളം ഒന്നാമതാണ് .

18) ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം കേരളമാണ്.

19)തൊഴിലുറപ്പ പദ്ധതിയിൽ മികവുറ്റ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് രാജ്യത്ത്

ഒന്നാം സ്ഥാനം കേരളത്തിനാണ്.

20)ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഓഫ് എർത്തിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു.

21) 2019-20 ൽ ടെക്നോപാർക്കിന് ക്രിസിൽ - എ റേറ്റിങ്ങ്, ക്രിസിൽ - എ സ്റ്റേബിൾ റേറ്റിങ്ങ് ലഭിച്ചു.

22) 2019 ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡ് - കേരളത്തിലെ എനർജി മാനേജ് മെന്റ് സെന്ററിനാണ് ലഭിച്ചത്.

23) ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യാ റിപ്പോർട്ട് അനുസരിച്ച് വനവിസ്തൃതി വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിൽ കേരളം മുൻനിരയിലാണ്.

24) മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടിക ജാതി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ പുരസ്കാരം സംസ്ഥാന പട്ടികജാതി - പട്ടികവർഗ വികസന കോർപ്പറേഷന് ലഭിച്ചു.

25) നീതി ആയോഗിന്റെ SDG India Index റിപ്പോർട്ടുകൾ പുറത്തിറക്കിയ രണ്ട് വർഷവും (2018-19, 2019-2020 കാലയളവുകളിൽ) തുടർച്ചയായി കേരളം ഒന്നാം സ്ഥാനത്ത്.

26) പബ്ലിക് അഫയേഴ്സ് സെന്ററിന്റെ പഠനത്തിൽ രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ചവെയ്ക്കുന്ന സംസ്ഥാനമാണ് കേരളം (തുടർച്ചയായി മൂന്നാം വർഷം).

27) മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം.

28) മാനുഷിക പുരോഗതിക്ക് പിന്തുണ നൽകുന്ന സംസ്ഥാനങ്ങളിലും വനിത- ശിശുസുരക്ഷ രംഗത്തും ഒന്നാം സ്ഥാനം.

29)ശിശു-സൗഹൃദ സംസ്ഥാനമായി പബ്ലിക് അഫയേഴ്സ് ഇൻഡക്സ് തെരഞ്ഞെടുത്തു. ക്രമസമാധാനരംഗത്ത് രണ്ടാം സ്ഥാനം. പരിസ്ഥിതി സംരക്ഷണ രംഗത്ത് മൂന്നാം സ്ഥാനം.

30)ഇന്ത്യ ടുഡെ സർവ്വേയിൽ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു. ക്രമസമാധാനം, ആരോഗ്യപരിപാലനം, പരിസ്ഥിതി സംരക്ഷണം, ശുചിത്വം, വിനോദ സഞ്ചാരം, മികച്ച പാൽ ഉൽപാദന ക്ഷമത സംസ്ഥാനം തുടങ്ങിയ ഇന്ത്യ ടുഡെ അവാർഡ് കേരളത്തിനു ലഭിച്ചു.

31) നഗരഗതാഗത മികവിന് ഏർപ്പെടുത്തിയ അർബൻ മൊബിലിറ്റി ഇന്ത്യ അവാർഡ് 2017. 2017-ലെഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (ഡി.എസ്.സി.ഐ) അവാർഡ്.

32) സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ).

33) സെന്റർഫോർ മീഡിയ സ്റ്റഡീസിന്റെ പഠനത്തിൽ അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം ഒന്നാമതെത്തി.

34) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്ത നാട് ആയി തെരഞ്ഞെടുക്കപ്പെട്ടു.

35) പാസ്പോർട്ട് അപേക്ഷകളിലെ പരിശോധനാ മികവിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് 2019-ൽ അർഹമായി.

36) 2018-ൽ ദേശീയ തലത്തിൽ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്ന് - വളപട്ടണം

37) ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള രണ്ടാമത്തെ ജില്ലാ പോലീസ് ഓഫീസായി കൊല്ലം ജില്ലാ പോലീസ് ഓഫീസിനെ തിരഞ്ഞെടുത്തു.

38) കോപ്റ്റുഡെ ഇന്റർനാഷണലിന്റെ പോലീസ് എക്സലൻസ് അവാർഡ് 2017

ജനമൈത്രി പോലീസിന്.

39) കേരള പോലീസിന് നാല് സ്കോച്ച് അവാർഡ്. സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉണ്ടായ വിനാശകരമായ പ്രളയദുരന്തത്തിൽ കേരള പോലീസ് നടത്തിയ രക്ഷാപ്രവർത്തനങ്ങൾക്ക് സ്കോച്ചിന്റെ സുവർണ്ണ പുരസ്കാരം ലഭിച്ചു. കേരള പോലീസിന്റെ പദ്ധതികളായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ഹോപ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് സ്കോച്ച് മെറിറ്റ് അവാർഡ് ലഭിച്ചു.

40) SKOCH Governance Award 2018 കേരള പോലീസിന്.

41) The Information Security Leadership Achievements Asia- Pacific Award 2018 കേരള പോലീസിനു ലഭിച്ചു

42) ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ് ആന്റ് ഇൻഡസ്ട്രിയുടെ സൈബർ സുരക്ഷയ്ക്കുള്ള സ്മാർട്ട് പോലീസിംഗ് പുരസ്കാരം 2018.

43) യു.എ.ഇ.യുടെ Best ‘M’ Government Service Award - 6th Edition സംസ്ഥാന പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷൻ ആയ ‘Traffic Guru’ ന് ലഭിച്ചു.

44) 2019-ൽ ബാങ്കിംഗ് ഫ്രോഡുകൾ കണ്ടെത്താനുള്ള പദ്ധതിക്ക് ബിസിനസ് വേൾഡ് ഡിജിറ്റൽ അവാർഡ്.

45) ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2019 സൈബർ ഡോമിന് ലഭിച്ചു.

46) സെക്യൂരിറ്റി വാച്ച് ഇന്ത്യ ഏർപ്പെടുത്തിയ ഇന്നവേഷൻ ആന്റ് എക്സലൻസ് അവാർഡ്സ് സൈബർ ഡോമിന് 2016 ൽ ലഭിച്ചു.

47) സൈബർ കുറ്റാന്വേഷണം നാസ്കോം-ഡാറ്റാ സെക്യൂരിറ്റി കൺസിൽ അവാർഡ് 2017-ൽ കേരളത്തിന് ലഭിച്ചു.

48) വേൾഡ് മെഡിക്കൽ ജേർണലിന്റെ മികച്ച ആരോഗ്യ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം കേരളത്തിന്.

49) നിപ്പ പ്രതിരോധത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ വൈറോളജി കേരളത്തെ ആദരിച്ചു.

50) ലോകാരോഗ്യ സംഘടനയുടെ വേൾഡ് ഹിയറിംഗ് ഫോറത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.റ്റി. വിഭാഗത്തിന് അംഗത്വം ലഭിച്ചു

51) ഭിന്നശേഷി നയം 2016 നടപ്പിലാക്കുന്നതിൽ മികവു പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ സാമൂഹിക നീതി വകുപ്പ് നൽകുന്ന 2019-ലെ ദേശീയ അവാർഡ്.

52) എൻ. എച്ച്.എഫ്.ഡി.സി.യുടെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി വിഭാഗത്തിൽ കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

53) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആദ്യ ഭക്ഷ്യ സുരക്ഷ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്.

54) 2018-19, 2019-2020 വർഷങ്ങളിൽ വനിത ശാക്തീകരണത്തിനു വേണ്ടി നടത്തിയ പ്രവർത്തനത്തിൽ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അവാർഡ് വനിതാ വികസന കോർപ്പറേഷന് ലഭിച്ചു.

55) പെൺകുട്ടികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനം.

56) രാജ്യത്തെ മികച്ച പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകളിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്ത് ഉൾപ്പെട്ടു.

57) UBI Global നടത്തിയ വേൾഡ് ബെഞ്ച് മാർക്ക് പഠനത്തിൽ പബ്ലിക് ബിസിനസ്സ് ആക്സിലേറ്ററിനുള്ള ഒന്നാം സ്ഥാനം കേരള സ്റ്റാർട്ടപ്പ് മിഷന് ലഭിച്ചു.

58) ടൂറിസം മിഷന് 10 അവാർഡുകൾ ലഭിച്ചു. WTM ന്റെ മൂന്ന് അവാർഡുകൾ. പസഫിക് ഏഷ്യ ടാവൽ അസോസിയേഷന്റെ മൂന്ന് ഗോൾഡൻ പുരസ്കാരങ്ങൾ കൂടി കേരള ടൂറിസത്തിന് ലഭിച്ചു.

59) കേന്ദ്ര നഗര ഭവന മന്ത്രാലയത്തിന്റെ നഗരബസ് സേവന പദ്ധതിക്കുള്ള പുരസ്കാരം അനസ്യൂത യാത്ര കൊച്ചി എന്ന പദ്ധതിക്ക് ലഭിച്ചു.

60) 2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം.

61) 2021 ലെ ലെ ദേശീയ ഇ-ഗവേണൻസ് അവാർഡ് കേരളാ പോലീസിന് ലഭിച്ചു.

62) ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ് കേരളത്തിന്.

63) ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ ഷോയായ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള 2022 ലെ അന്താരാഷ്ട്ര പുരസ്കാരം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക്.

64) 2023 ലെ മാനേജ്മെന്റ് ഇഫക്റ്റീവ്നെസ് ഇവാല്യുവേഷൻ ഓഫ് ടൈഗർ റിസർവ് ഇൻ ഇന്ത്യ റിപ്പോർട്ട് പ്രകാരം 94.36 സ്കോർ നേടി പെരിയാർ ടൈഗർ റിസർവ് 1-ാം സ്ഥാനത്തെത്തി.

65) ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ 2021-22- ലെ സ്പാർക്ക് റാങ്കിംഗിൽ കേരളം രണ്ടാം സ്ഥാനം.

66) 2023 ലെ ദേശീയ പഞ്ചായത്ത്‌രാജ് അവാർഡുകളിൽ കേരളത്തിന് 5 അവാർഡുകൾ. ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന് രാജ്യത്തെ ഏറ്റവും മികച്ച ശിശുസൗഹൃദ ഗ്രാമപഞ്ചായത്തിനുള്ള ഒന്നാം റാങ്കം, വീയപുരം ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യങ്ങളിൽ സ്വയംപര്യാപ്തതയ്ക്കുള്ള രാജ്യത്തെ ഒന്നാം റാങ്കം ലഭിച്ചു. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ ഗ്രാമപഞ്ചായത്തിന് ജലലഭ്യതയിൽ സ്വയംപര്യാപ്തതയ്ക്കുള്ള രാജ്യത്തെ രണ്ടാം റാങ്കം, തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന് സദ്ഭരണത്തിനുള്ള മൂന്നാം റാങ്കം ലഭിച്ചു.

67) 2020-21 സാമ്പത്തിക വർഷത്തെ സ്പാർക്ക് റാങ്കിങ്ങിൽ ദേശീയ തലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ മികവ് പരിഗണിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആണ് സംസ്ഥാനങ്ങൾക്ക് സ്പാർക്ക് റാങ്കിംഗ് അവാർഡുകൾ നൽകിവരുന്നത്.

68) ഹോമിയോപ്പതി വകുപ്പിലെ 64 സ്ഥാപനങ്ങൾ 2023-24 വർഷത്തിൽ NABH അംഗീകാരവും ലഭിച്ചിട്ടുണ്ട്.

69) 2023-24 കാലയളവിൽ 150 ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾക്ക് NABH എൻട്രി ലെവൽ സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്.

70) നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം.

71) നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം.

72) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം.

73) അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ.

74) ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം

75) കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 3.0ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന്.

76) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്.

77) രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്

78) കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം.

79) മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു

80) കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്.

81) പ്രമുഖ റേറ്റിംഗ് കമ്പനിയായ ക്രിസിലിന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ-പ്ലസ് സ്റ്റേബിൾ എന്ന ഉയർന്ന സ്ഥാനം.

82) പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ് ഇന്ത്യ) 11ാം മത് നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്.

83) നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ.

84) ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021 ൽ കേരളം ഭാരതത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് പ്രാഖ്യാപിച്ചു.

85) പുരപ്പുറ സോളാർ പദ്ധതിയ്ക്ക് EQ International Magazine പുരസ്കാരം.

86) ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം

87) ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.ർ

88) ക്ഷയരോഗ നിവരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം.

89) വ്യവസായ സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ ഒന്നാമത്.

90) 2024ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡിലെ (NECA) സംസ്ഥാന ഊർജ്ജ കാര്യക്ഷമതയിൽ കേരളത്തിന് കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചു.

91) ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചിക-2024ൽ തുടർച്ചയായി രണ്ടാം വർഷവും ഒന്നാംസ്ഥാനം.

92) കേന്ദ്ര തീരദേശ ജല ഗുണനിലവാര സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്. മൂന്ന് വ്യത്യസ്ത തീരപ്രദേശങ്ങളിൽ നിന്നെടുത്ത ജലസാംപിളുകൾ ശേഖരിച്ച് നടത്തിയ പഠനത്തിലാണ് ശുചിത്വത്തിൽ കേരളം ഒന്നാമതെന്ന് എത്തിയത്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തിറക്കിയ എൻവിസ്റ്റാറ്റ്സ് 2024 റിപ്പോർട്ടിലാണ് അംഗീകാരം.

93) ഡേറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം.

94) വയോജനപരിപാലനത്തിലെ മാതൃകയ്ക്ക് കേന്ദ്രസർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ

95) മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോർമിങ്ങ് സ്റ്റേറ്റ് ദേശീയ പുരസ്കാരം കേരളത്തിന്

96) ഭിന്നശേഷി ആരോഗ്യമേഖലയിലെ രാജ്യാന്തരസ്ഥാപനമായി വികസിച്ച തൃശ്ശൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ) യു.എൻ കർമ്മസേന പുരസ്കാരം.

97) മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് നൽകുന്ന ദേശീയ ഗുണനിലവാര അംഗീകാരമായ മുസ്കാൻ സർട്ടിഫിക്കേഷൻ സ്വന്തമാക്കി വയനാട് മെഡിക്കൽ കോളേജ്.

98) പതിനൊന്നാമത് ഗ്ലോബൽ സമ്മിറ്റ് ഓൺ സ്കിൽ ഡെവലപ്മെന്റ് 2024ന്റെ ഭാഗമായി പ്രസിദ്ധീകരിച്ച ഇന്ത്യ സ്കിൽസ് റിപ്പോർട്ട 2025 പ്രകാരം 22 നും 25നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിലെ തൊഴിൽക്ഷമതയിൽ കേരളം രണ്ടാം സ്ഥാനം.

99) രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

100) വിനോദസഞ്ചാരികൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ട്രെൻഡിങ്ങ് ഡെസ്റ്റിനേഷൻ കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടി തിരുവനന്തപുരം. പ്രമുഖ ട്രാവൽ വെബ്സൈറ്റ് സ്കൈ സ്കാനറിന്റെ 2025ലെ പട്ടികയിൽ പത്താം സ്ഥാനത്താണ് തിരുവനന്തപുരം.

101) ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ഐസിആർടി (ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം) ഇന്ത്യ ചാപ്റ്ററിന്റെ 2024ലെ സുവർണ്ണ പുരസ്കാരം

102) ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (എഫ്ഐസിസിഐ) അഖിലേന്ത്യാതലത്തിൽ ഏർപ്പെടുത്തിയ സ്വച്ച് ഇൻഡസ്ട്രി പാർക്ക് പുരസ്കാരങ്ങളിൽ രണ്ടെണ്ണം കിൻഫ്ര പാർക്കുകൾ സ്വന്തമാക്കി. എൻവയൺമെന്റ് സസ്റ്റെയ്നബിലിറ്റി ചാമ്പ്യൻസ് വിഭാഗത്തിൽ പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കും ഇൻഫ്രാസ്ട്രക്ചർ ചാമ്പ്യൻസ് വിഭാഗത്തിൽ കളമശ്ശേരി ഹൈടെക് പാർക്കുമാണ് പുരസ്കാരങ്ങൾ നേടിയത്.

103) ഇന്ത്യയിലെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനത്തിനുള്ള കേന്ദ്ര ഫിഷറീസ് മന്ത്രാലയ പുരസ്കാര നേട്ടവുമായി കേരളം. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലത്തെ തെരഞ്ഞെടുത്തു.

104) നഗര ഭരണ-ശുചിത്വ പ്രവർത്തനങ്ങളിലും നഗരസഭ നൽകിയ സമഗ്ര സംഭാവനകൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിനു കീഴിലെ ഹൗസിങ്ങ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപറേഷന്റെ അർബൻ ഗവേണൻസ്, സാനിറ്റേഷൻ എന്നീ ദേശീയ പുരസ്കാരങ്ങൾ തിരുവനന്തപുരം നഗരസഭയ്ക്ക്.

105) രാജ്യത്തെ ഏറ്റവും മികച്ച ടൂറിസം വില്ലേജുകളുടെ കേന്ദ്ര സർക്കാർ പട്ടികയിൽ കടലുണ്ടിയും കുമരകവും തെരഞ്ഞെടുക്കപ്പെട്ടു.

106) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള പോലീസിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പുരസ്കാരം.

107) സുസ്ഥിര വികസനത്തിനായുള്ള ഷാങ്ഹായ് ഗ്ലോബൽ അവാർഡിന് തിരുവനന്തപുരം കോർപറേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

108) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ രാജ്യത്തെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്തു.

109) പബ്ലിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ 'അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ'' നൽകുന്ന ''ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ''' അംഗീകാരം സംരംഭക വർഷം പദ്ധതിക്ക്.

110) സർവെ റിക്കാർഡുകൾ ഓൺലൈനായി പൊതുജനങ്ങൾക്കു ലഭ്യമാക്കുന്ന സേവനത്തിനു സർവെയും ഭൂരേഖയും വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന കേരള ലാൻഡ് ഇൻഫർമേഷൻ മിഷന്റെ "ഇ-രേഖ" പദ്ധതിക്ക് e governance രംഗത്തെ പ്രാഗത്ഭ്യം കണക്കിലെടുത്ത് 2018 ലെ ദേശീയ പുരസ്കാരമായ SKOCH AWARD (Silver) ലഭ്യമായിട്ടുണ്ട്.

111) Skoch Group നൽകിവരുന്ന Skoch Governance Award സഹകരണ വകുപ്പ് നടപ്പിലാക്കിയ Care Home പദ്ധതിയ്ക്ക് 2022 വർഷം ലഭിക്കുകയുണ്ടായി.

112) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം , നീതി ആയോഗ് പ്രസിദ്ധീകരിച്ച രണ്ട് വർഷങ്ങളിലെ എസ് ഡി ജി ഇന്ത്യ ഇൻഡക്സിലും (2020-21, 2023 -24 ) കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്

113) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വി.എ.സി.ബി മലപ്പുറം യൂണിറ്റ് ഓഫീസിന് 30/12/2023 തീയതിയിൽ ജീവനക്കാരുടെ സൗകര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഓഫീസ് അന്തരീക്ഷം സജ്ജീകരിച്ചതിനും, ആധുനിക സൗകര്യങ്ങളോടു കൂടിയ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമുള്ള ഓഫീസ് കെട്ടിടം സജ്ജികരിച്ചതിനുമായി ISO അംഗീകാരപത്രം ലഭിച്ചിട്ടുണ്ട്.

114) ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനത്തിന് കേന്ദ്ര സർക്കാരിന്റെ 2022-ലെ ഡിജിറ്റൽ ഇന്ത്യാ അവാർഡിൽ Digital Initiatives at Grass Root Level വിഭാഗത്തിൽ സിൽവർ മെഡലും, 2022 വർഷത്തെ കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡ്, ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ മൂന്നാം സ്ഥാനം എന്നിവ ലഭിക്കുകയുണ്ടായി.

അനുബന്ധം

1) നീതി ആയോഗിന്റെ സുസ്ഥിര വികസനലക്ഷ്യ സൂചികയിൽ കേരളം ഒന്നാമതാണ് 2023-24 തുടർച്ചയായി നാലാം തവണയാണിത്.

2) ഇന്ത്യാടുഡെ സർവ്വെയിൽ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു

3) ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്നു നടത്തിയ ഇന്ത്യാ കറപ്ഷൻ സർവേയിലും 2019 -ൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

4) പാസ്പ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് 2019-ൽ അർഹയായി.

5) ശിശുമരണ നിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് ഏറ്റവും കുറവും കേരളത്തിലാണ്.

6) ഏറ്റവും മികച്ച പ്രതിരോധകുത്തിവയ്പ്പ് നൽകുന്ന സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചു.

7) നാഷണൽ ഫാമിലി ഹെൽത്ത് സർവെയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു

8) മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് 2019-ൽ ലഭിച്ചു.

9) ദേശീയതലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡിൽ ആദ്യ പന്ത്രണ്ടും കേരളത്തിൽ നിന്നുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളാണ്. സംസ്ഥാനത്തെ 55 കുടുംബാരോഗ്യ കേന്ദ്രങ്ങൾ NQASഅംഗീകാരം നേടി.

10) 2019ൽ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി കയ്യൂർ കുടുംബാരോഗ്യകേന്ദ്രം മാറി.

11) 2019 ലെ ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചു.

12) 'ഭിന്നശേഷിനയം 2016" നടപ്പിലാക്കുന്നതിൽ മികവ് പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ സാമൂഹികനീതി വകുപ്പ് നൽകുന്ന 2018 ലെ ദേശീയ അവാർഡ്.

13)വയോജനസംരക്ഷണത്തിന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ അവാർഡ്.

14) സ്കൂൾ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്ന സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമതെത്തി.

15) 2019 ലെ രാജ്യത്തെ മികച്ച സർക്കാർ വിദ്യാലയങ്ങളുടെ പട്ടികയിൽ കോഴിക്കോട് നടക്കാവ് സ്കൂളിന് രണ്ടാം സ്ഥാനം ലഭിച്ചു.

16) സമഗ്രശിക്ഷാ പ്രവർത്തനങ്ങളുടെ സൂചികയിൽ കേരളം 2018-19, 2019-20 വർഷങ്ങളിൽ ഒന്നാം ഗ്രേഡിൽ എത്തി.

17) പ്രധാനമന്ത്രി സ്വച്ഛ്ഭാരത് പദ്ധതിയിൽ കേരളം ഒന്നാമതാണ് .

18) ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം കേരളമാണ്.

19)തൊഴിലുറപ്പ് പദ്ധതിയിൽ മികവുറ്റ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് രാജ്യത്ത്

ഒന്നാം സ്ഥാനം കേരളത്തിനാണ്.

20)ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഓഫ് എർത്തിന്' കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു.

21) 2019-20 ൽ ടെക്നോപാർക്കിന് ക്രിസിൽ - എ റേറ്റിങ്, ക്രിസിൽ - എ സ്റ്റേബിൾ റേറ്റിങ് ലഭിച്ചു.

22) 2019 ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡ് - കേരളത്തിലെ എനർജി മാനേജ് മെന്റ് സെന്ററിനാണ് ലഭിച്ചത്.

23) ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യാ റിപ്പോർട്ട് അനുസരിച്ച് വനവിസ്തൃതി വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിൽ കേരളം മുൻനിരയിലാണ്.

24) മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടിക ജാതി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ പുരസ്കാരം സംസ്ഥാന പട്ടികജാതി - പട്ടികവർഗ വികസന കോർപ്പറേഷന് ലഭിച്ചു.

25) നീതി ആയോഗിന്റെ SDG India Index റിപ്പോർട്ടുകൾ പുറത്തിറക്കിയ രണ്ട് വർഷവും (2018-19, 2019-2020 കാലയളവുകളിൽ) തുടർച്ചയായി കേരളം ഒന്നാം സ്ഥാനത്ത്.

26) പബ്ലിക് അഫയേഴ്സ് സെന്ററിന്റെ പഠനത്തിൽ രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ചവെയ്ക്കുന്ന സംസ്ഥാനമാണ് കേരളം (തുടർച്ചയായി മൂന്നാം വർഷം).

27) മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം.

28) മാനുഷിക പുരോഗതിക്ക് പിന്തുണ നൽകുന്ന സംസ്ഥാനങ്ങളിലും വനിത- ശിശുസുരക്ഷ രംഗത്തും ഒന്നാം സ്ഥാനം.

29)ശിശു-സൗഹൃദ സംസ്ഥാനമായി പബ്ലിക് അഫയേഴ്സ് ഇൻഡക്സ് തെരഞ്ഞെടുത്തു. ക്രമസമാധാനരംഗത്ത് രണ്ടാം സ്ഥാനം. പരിസ്ഥിതി സംരക്ഷണ രംഗത്ത് മൂന്നാം സ്ഥാനം.

30)ഇന്ത്യ ടുഡെ സർവ്വേയിൽ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു. ക്രമസമാധാനം, ആരോഗ്യപരിപാലനം, പരിസ്ഥിതി സംരക്ഷണം, ശുചിത്വം, വിനോദ സഞ്ചാരം, മികച്ച പാൽ ഉൽപാദന ക്ഷമത സംസ്ഥാനം തുടങ്ങിയ ഇന്ത്യ ടുഡെ അവാർഡ് കേരളത്തിനു ലഭിച്ചു.

31) നഗരഗതാഗത മികവിന് ഏർപ്പെടുത്തിയ അർബൻ മൊബിലിറ്റി ഇന്ത്യ അവാർഡ് 2017. 2017-ലെഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (ഡി.എസ്.സി.ഐ) അവാർഡ്.

32) സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ).

33) സെന്റർഫോർ മീഡിയ സ്റ്റഡീസിന്റെ പഠനത്തിൽ അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം ഒന്നാമതെത്തി.

34) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്ത നാട് ആയി തെരഞ്ഞെടുക്കപ്പെട്ടു.

35) പാസ്പോർട്ട് അപേക്ഷകളിലെ പരിശോധനാ മികവിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് 2019-ൽ അർഹമായി.

36) 2018-ൽ ദേശീയ തലത്തിൽ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്ന് - വളപട്ടണം

37) ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള രണ്ടാമത്തെ ജില്ലാ പോലീസ് ഓഫീസായി കൊല്ലം ജില്ലാ പോലീസ് ഓഫീസിനെ തിരഞ്ഞെടുത്തു.

38) കോപ്റ്റഡെ ഇന്റർനാഷണലിന്റെ പോലീസ് എക്സലൻസ് അവാർഡ് 2017

ജനമൈത്രി പോലീസിന്.

39) കേരള പോലീസിന് നാല് സ്കോച്ച് അവാർഡ്. സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉണ്ടായ വിനാശകരമായ പ്രളയദുരന്തത്തിൽ കേരള പോലീസ് നടത്തിയ രക്ഷാപ്രവർത്തനങ്ങൾക്ക് സ്കോച്ചിന്റെ സുവർണ്ണ പുരസ്കാരം ലഭിച്ചു. കേരള പോലീസിന്റെ പദ്ധതികളായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ഹോപ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് സ്കോച്ച് മെറിറ്റ് അവാർഡ് ലഭിച്ചു.

40) SKOCH Governance Award 2018 കേരള പോലീസിന്.

41) The Information Security Leadership Achievements Asia- Pacific Award 2018 കേരള പോലീസിനു ലഭിച്ചു

42) ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ് ആന്റ് ഇൻഡസ്ട്രിയുടെ സൈബർ സുരക്ഷയ്ക്കുള്ള സ്മാർട്ട് പോലീസിംഗ് പുരസ്കാരം 2018.

43) യു.എ.ഇ.യുടെ Best ‘M’ Government Service Award - 6th Edition സംസ്ഥാന പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷൻ ആയ ‘Traffic Guru’ ന് ലഭിച്ചു.

44) 2019-ൽ ബാങ്കിംഗ് ഫ്രോഡുകൾ കണ്ടെത്താനുള്ള പദ്ധതിക്ക് ബിസിനസ് വേൾഡ് ഡിജിറ്റൽ അവാർഡ്.

45) ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2019 സൈബർ ഡോമിന് ലഭിച്ചു.

46) സെക്യൂരിറ്റി വാച്ച് ഇന്ത്യ ഏർപ്പെടുത്തിയ ഇന്നവേഷൻ ആന്റ് എക്സലൻസ് അവാർഡ്സ് സൈബർ ഡോമിന് 2016 ൽ ലഭിച്ചു.

47) സൈബർ കുറ്റാന്വേഷണം നാസ്കോം-ഡാറ്റാ സെക്യൂരിറ്റി കൺസിൽ അവാർഡ് 2017-ൽ കേരളത്തിന് ലഭിച്ചു.

48) വേൾഡ് മെഡിക്കൽ ജേർണലിന്റെ മികച്ച ആരോഗ്യ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം കേരളത്തിന്.

49) നിപ്പ പ്രതിരോധത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ വൈറോളജി കേരളത്തെ ആദരിച്ചു.

50) ലോകാരോഗ്യ സംഘടനയുടെ വേൾഡ് ഹിയറിംഗ് ഫോറത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.റ്റി. വിഭാഗത്തിന് അംഗത്വം ലഭിച്ചു

51) ഭിന്നശേഷി നയം 2016 നടപ്പിലാക്കുന്നതിൽ മികവു പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ സാമൂഹിക നീതി വകുപ്പ് നൽകുന്ന 2019-ലെ ദേശീയ അവാർഡ്.

52) എൻ. എച്ച്.എഫ്.ഡി.സി.യുടെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി വിഭാഗത്തിൽ കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

53) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആദ്യ ഭക്ഷ്യ സുരക്ഷ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്.

54) 2018-19, 2019-2020 വർഷങ്ങളിൽ വനിത ശാക്തീകരണത്തിനു വേണ്ടി നടത്തിയ പ്രവർത്തനത്തിൽ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അവാർഡ് വനിതാ വികസന കോർപ്പറേഷന് ലഭിച്ചു.

55) പെൺകുട്ടികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനം.

56) രാജ്യത്തെ മികച്ച പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകളിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്ത് ഉൾപ്പെട്ടു.

57) UBI Global നടത്തിയ വേൾഡ് ബെഞ്ച് മാർക്ക് പഠനത്തിൽ പബ്ലിക് ബിസിനസ്സ് ആക്സിലേറ്ററിനുള്ള ഒന്നാം സ്ഥാനം കേരള സ്റ്റാർട്ടപ്പ് മിഷന് ലഭിച്ചു.

58) ടൂറിസം മിഷന് 10 അവാർഡുകൾ ലഭിച്ചു. WTM ന്റെ മൂന്ന് അവാർഡുകൾ. പസഫിക് ഏഷ്യ ടാവൽ അസോസിയേഷന്റെ മൂന്ന് ഗോൾഡൻ പുരസ്കാരങ്ങൾ കൂടി കേരള ടൂറിസത്തിന് ലഭിച്ചു.

59) കേന്ദ്ര നഗര ഭവന മന്ത്രാലയത്തിന്റെ നഗരബസ് സേവന പദ്ധതിക്കുള്ള പുരസ്കാരം അനസ്യൂത യാത്ര കൊച്ചി എന്ന പദ്ധതിക്ക് ലഭിച്ചു.

60) 2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം.

61) 2021 ലെ ലെ ദേശീയ ഇ-ഗവേണൻസ് അവാർഡ് കേരളാ പോലീസിന് ലഭിച്ചു.

62) ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ് കേരളത്തിന്.

63) ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ ഷോയായ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള 2022 ലെ അന്താരാഷ്ട്ര പുരസ്കാരം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക്.

64) 2023 ലെ മാനേജ്മെന്റ് ഇഫക്ടീവ്നെസ് ഇവാല്വേഷൻ ഓഫ് ടൈഗർ റിസർവ് ഇൻ ഇന്ത്യ റിപ്പോർട്ട് പ്രകാരം 94.36 സ്കോർ നേടി പെരിയാർ ടൈഗർ റിസർവ് 1-ാം സ്ഥാനത്തെത്തി.

65) ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ 2021-22- ലെ സ്പാർക്ക് റാങ്കിംഗിൽ കേരളം രണ്ടാം സ്ഥാനം.

66) 2023 ലെ ദേശീയ പഞ്ചായത്ത്രാജ് അവാർഡുകളിൽ കേരളത്തിന് 5 അവാർഡുകൾ. ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന് രാജ്യത്തെ ഏറ്റവും മികച്ച ശിശുസൗഹൃദ ഗ്രാമപഞ്ചായത്തിനുള്ള ഒന്നാം റാങ്കും, വീയപുരം ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യങ്ങളിൽ സ്വയംപര്യാപ്തതയ്ക്കുള്ള രാജ്യത്തെ ഒന്നാം റാങ്കും ലഭിച്ചു. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ ഗ്രാമപഞ്ചായത്തിന് ജലലഭ്യതയിൽ സ്വയംപര്യാപ്തതയ്ക്കുള്ള രാജ്യത്തെ രണ്ടാം റാങ്കും, തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന് സദ്ഭരണത്തിനുള്ള മൂന്നാം റാങ്കും ലഭിച്ചു.

67) 2020-21 സാമ്പത്തിക വർഷത്തെ സ്പാർക്ക് റാങ്കിങ്ങിൽ ദേശീയ തലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ മികവ് പരിഗണിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആണ് സംസ്ഥാനങ്ങൾക്ക് സ്പാർക്ക് റാങ്കിംഗ് അവാർഡുകൾ നൽകിവരുന്നത്.

68) ഹോമിയോപ്പതി വകുപ്പിലെ 64 സ്ഥാപനങ്ങൾ 2023-24 വർഷത്തിൽ NABH അംഗീകാരവും ലഭിച്ചിട്ടുണ്ട്.

69) 2023-24 കാലയളവിൽ 150 ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾക്ക് NABH എൻട്രി ലെവൽ സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്.

70) നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം.

71) നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം.

72) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം.

73) അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ.

74) ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം

75) കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 3.0ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന്.

76) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്.

77) രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്

78) കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം.

79) മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു

80) കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്.

81) പ്രമുഖ റേറ്റിംഗ് കമ്പനിയായ ക്രിസിലിന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ-പ്ലസ് സ്റ്റേബിൾ എന്ന ഉയർന്ന സ്ഥാനം.

82) പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ് ഇന്ത്യ) 11ാാം മത് നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്.

83) നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ.

84) ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021 ൽ കേരളം ഭാരതത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് പ്രഖ്യാപിച്ചു.

85) പുരപ്പുറ സോളാർ പദ്ധതിയ്ക്ക് EQ International Magazine പുരസ്കാരം.

86) ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം

87) ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.ർ

88) ക്ഷയരോഗ നിവരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം.

89) വ്യവസായ സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ ഒന്നാമത്.

90) 2024ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡിലെ (NECA) സംസ്ഥാന ഊർജ്ജ കാര്യക്ഷമതയിൽ കേരളത്തിന് കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചു.

91) ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചിക-2024ൽ തുടർച്ചയായി രണ്ടാം വർഷവും ഒന്നാംസ്ഥാനം.

92) കേന്ദ്ര തീരദേശ ജല ഗുണനിലവാര സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്. മൂന്ന് വ്യത്യസ്ത തീരപ്രദേശങ്ങളിൽ നിന്നെടുത്ത ജലസാംപിളുകൾ ശേഖരിച്ച് നടത്തിയ പഠനത്തിലാണ് ശുചിത്വത്തിൽ കേരളം ഒന്നാമതെന്ന് എത്തിയത്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തിറക്കിയ എൻവിസ്റ്റാറ്റ്സ് 2024 റിപ്പോർട്ടിലാണ് അംഗീകാരം.

93) ഡേറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം.

94) വയോജനപരിപാലനത്തിലെ മാതൃകയ്ക്ക് കേന്ദ്രസർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ

95) മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോർമിങ്ങ് സ്റ്റേറ്റ് ദേശീയ പുരസ്കാരം കേരളത്തിന്

96) ഭിന്നശേഷി ആരോഗ്യമേഖലയിലെ രാജ്യാന്തരസ്ഥാപനമായി വികസിച്ച തൃശ്ശൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ) യു.എൻ കർമ്മസേന പുരസ്കാരം.

97) മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് നൽകുന്ന ദേശീയ ഗുണനിലവാര അംഗീകാരമായ മുസ്കാൻ സർട്ടിഫിക്കേഷൻ സ്വന്തമാക്കി വയനാട് മെഡിക്കൽ കോളേജ്.

98) പതിനൊന്നാമത് ഗ്ലോബൽ സമ്മിറ്റ് ഓൺ സ്കിൽ ഡെവലപ്മെന്റ് 2024ന്റെ ഭാഗമായി പ്രസിദ്ധീകരിച്ച ഇന്ത്യ സ്കിൽസ് റിപ്പോർട്ട 2025 പ്രകാരം 22 നും 25നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിലെ തൊഴിൽക്ഷമതയിൽ കേരളം രണ്ടാം സ്ഥാനം.

99) രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

100) വിനോദസഞ്ചാരികൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ട്രെൻഡിങ്ങ് ഡെസ്റ്റിനേഷൻ കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടി തിരുവനന്തപുരം. പ്രമുഖ ട്രാവൽ വെബ്സൈറ്റ് സ്കൈ സ്കാനറിന്റെ 2025ലെ പട്ടികയിൽ പത്താം സ്ഥാനത്താണ് തിരുവനന്തപുരം.

101) ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ഐസിആർടി (ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം) ഇന്ത്യ ചാപ്റ്ററിന്റെ 2024ലെ സുവർണ പുരസ്കാരം

102) ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (എഫ്ഐസിസിഐ) അഖിലേന്ത്യാതലത്തിൽ ഏർപ്പെടുത്തിയ സ്വച്ച് ഇൻഡസ്ട്രി പാർക്ക് പുരസ്കാരങ്ങളിൽ രണ്ടെണ്ണം കിൻഫ്ര പാർക്കുകൾ സ്വന്തമാക്കി. എൻവയൺമെന്റ് സസ്റ്റെയ്നബിലിറ്റി ചാമ്പ്യൻസ് വിഭാഗത്തിൽ പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കും ഇൻഫ്രാസ്ട്രക്ചർ ചാമ്പ്യൻസ് വിഭാഗത്തിൽ കളമശ്ശേരി ഹൈടെക് പാർക്കുമാണ് പുരസ്കാരങ്ങൾ നേടിയത്.

103) ഇന്ത്യയിലെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനത്തിനുള്ള കേന്ദ്ര ഫിഷറീസ് മന്ത്രാലയ പുരസ്കാര നേട്ടവുമായി കേരളം. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലത്തെ തെരഞ്ഞെടുത്തു.

104) നഗര ഭരണ-ശുചിത്വ പ്രവർത്തനങ്ങളിലും നഗരസഭ നൽകിയ സമഗ്ര സംഭാവനകൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിനു കീഴിലെ ഹൗസിങ്ങ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപറേഷന്റെ അർബൻ ഗവേണൻസ്, സാനിറ്റേഷൻ എന്നീ ദേശീയ പുരസ്കാരങ്ങൾ തിരുവനന്തപുരം നഗരസഭയ്ക്ക്.

105) രാജ്യത്തെ ഏറ്റവും മികച്ച ടൂറിസം വില്ലേജുകളുടെ കേന്ദ്ര സർക്കാർ പട്ടികയിൽ കടലുണ്ടിയും കുമരകവും തെരഞ്ഞെടുക്കപ്പെട്ടു.

106) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള പോലീസിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പുരസ്കാരം.

107) സുസ്ഥിര വികസനത്തിനായുള്ള ഷാങ്ഹായ് ഗ്ലോബൽ അവാർഡിന് തിരുവനന്തപുരം കോർപറേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

108) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ രാജ്യത്തെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്തു.

109) പബ്ളിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ 'അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ'' നൽകുന്ന ''ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ''' അംഗീകാരം സംരംഭക വർഷം പദ്ധതിക്ക്.

110) സർവെ റിക്കാർഡുകൾ ഓൺലൈനായി പൊതുജനങ്ങൾക്കു ലഭ്യമാക്കുന്ന സേവനത്തിനു സർവെയും ഭൂരേഖയും വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന കേരള ലാൻഡ് ഇൻഫർമേഷൻ മിഷന്റെ "ഇ-രേഖ" പദ്ധതിക്ക് e governance രംഗത്തെ പ്രാഗത്ഭ്യം കണക്കിലെടുത്ത് 2018 ലെ ദേശീയ പുരസ്കാരമായ SKOCH AWARD (Silver) ലഭ്യമായിട്ടുണ്ട്.

111) Skoch Group നൽകിവരുന്ന Skoch Governance Award സഹകരണ വകുപ്പ് നടപ്പിലാക്കിയ Care Home പദ്ധതിയ്ക്ക് 2022 വർഷം ലഭിക്കുകയുണ്ടായി.

112) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം , നീതി ആയോഗ് പ്രസിദ്ധീകരിച്ച രണ്ട് വർഷങ്ങളിലെ എസ് ഡി ജി ഇന്ത്യ ഇൻഡക്സിലും (2020-21, 2023 -24 ) കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്

113) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വി.എ.സി.ബി മലപ്പുറം യൂണിറ്റ് ഓഫീസിന് 30/12/2023 തീയതിയിൽ ജീവനക്കാരുടെ സൗകര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഓഫീസ് അന്തരീക്ഷം സജ്ജീകരിച്ചതിനും, ആധുനിക സൗകര്യങ്ങളോടു കൂടിയ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമുള്ള ഓഫീസ് കെട്ടിടം സജ്ജികരിച്ചതിനുമായി ISO അംഗീകാരപത്രം ലഭിച്ചിട്ടുണ്ട്.

114) ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനത്തിന് കേന്ദ്ര സർക്കാരിന്റെ 2022-ലെ ഡിജിറ്റൽ ഇന്ത്യാ അവാർഡിൽ Digital Initiatives at Grass Root Level വിഭാഗത്തിൽ സിൽവർ മെഡലും, 2022 വർഷത്തെ കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡ്, ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ മൂന്നാം സ്ഥാനം എന്നിവ ലഭിക്കുകയുണ്ടായി.